# MALAYALAM

Peace SCHOOLS

# TABLE OF CONTENT

A. പാഠ്യപദ്ധതി വിലയിരുത്തലും സമീപനവും
1. പാഠ്യപദ്ധതി സമീപനം
2. SCERT സ്കൂൾ പാഠ്യ പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാം
3. പഠനാന്തരീക്ഷം
4. പഠന പ്രിക്രിയ
5. പഠന നേട്ടങ്ങളുടെ സവിശേഷതകൾ
6. മൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രതിബദ്ധത എന്നിവ വളർത്തുന്നതി നുതകുന്ന മേഖലകൾ
7. ഭാഷാ പഠന പ്രക്രിയ
8. എഡിറ്റിങ്ങ്

B. അടിസ്ഥാന നൈപുണികൾ (LSRW)
1. വായനാ നൈപുണി
2. വായനാ സാമഗ്രികൾ
3. വായനയുടെ ബോധന ശാസ്ത്രം
4. വായനയെ മറ്റു ശേഷികളുമായി ബന്ധിപ്പിക്കൽ
5. വായനയുടെ അടിസ്ഥാന തലം
6. ഉയർന്ന തലം
7. ലേഖന നൈപുണി

C. ബുദ്ധിയുടെ ബഹുമുഖങ്ങൾ
1. ബഹുമുഖ സിദ്ധി വികാസത്തിന്റെ ഭാഷാപഠനത്തിൽ
2. നാളത്തെ പൗരന്മാരൻ

സാമൂഹിക വികസന പ്രിക്രിയയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് വിദ്യാഭ്യാസം. സുസ്ഥിര വികസനത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിക്ക് അനുയോജ്യമായ അറിവും മനോഭാവവും നൈപുണ്യവും മൂല്യങ്ങളും ആർജ്ജിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്.

**പാഠ്യപദ്ധതി വിലയിരുത്തലും സമീപനവും**

> കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ച. കുട്ടിയുടെ അറിവും, കഴിവും, വൈദഗ്ദ്ധ്യവും, ക്രമേണ വർദ്ധിപ്പിക്കൽ

> കുട്ടിക്ക് സൗഹൃദപരമായതും കുട്ടിയെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പ്രവർത്തനവും ണ്ടകു പിടുത്തവും പര്യവേഷണവും മുഖേനയുള്ള പഠനം.

> ഭയം, മാനസിക പിരിമുറുക്കമുണ്ടാക്കുന്ന സാഹചര്യം, ഉത്കണ്ഠ എന്നിവയിൽ നിന്ന് കുട്ടിയെ വിമുക്തമാക്കലും സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുന്നതിന് കുട്ടിയെ സഹായിക്കലും

> അറിവ് ഗ്രഹിക്കുന്നതിനും അത് പ്രയോഗിക്കുന്നതിനുമുള്ള കുട്ടിയുടെ കഴിവിന്റെ സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ

> പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

> അദ്ധ്യാപകനെ സഹ രക്ഷാകർത്താവിന്റെ തലത്തിലേക്ക് ഉയർത്തി കുട്ടിക്ക് സ്കൂളിനകത്തും ക്ലാസ്സ് മുറിയിലും വേണ്ടുന്ന കരുതലും തണലും അനുഭവിക്കാൻ അവസരമൊരുക്കുന്നു.

> 21-ാം നൂറ്റാണ്ടിലെ പഠന നൈപുണികൾ ആർജ്ജിക്കുന്ന തരത്തിൽ കാലോചിതമായത്.

> മാനുഷികത മൂല്യങ്ങൾ ഉൾകൊള്ളുന്ന തലമുറയെ സൃഷ്ടിക്കാൻ പ്രാപ്തമായത്.

> പഠനത്തെ സ്വഭാവികമായി പഠിതാക്കളുടെ ബൗദ്ധികവും മാനസികവും പ്രവർത്തനപരവുമായുള്ള സമഗ്ര വികാസം ലഭ്യമാക്കുന്ന മസ്തിഷ്ക ഹൃദയ - ഹസ്ത സമന്വിതമായ പാഠ്യപദ്ധതിയാണ് (Curriculam fo the harminy of Head- Heart & hand) നാം വിവക്ഷിക്കുന്നത്.

**പാഠ്യപദ്ധതി സമീപനം**

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുററുപാടിൽ നിന്നു പഠിക്കാനുള്ള നൈസർഗ്ഗികമായ കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരിക പഠനം വഴി കുട്ടിക്കു ലഭിക്കുന്നത്.,

**SCERT സ്കൂൾ പാഠ്യ പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാം**

1. പഠിതാവിൽ കേന്ദ്രീകൃതമായ പ്രിക്രിയാ ബന്ധിതവും പ്രവർത്തനോന്മുഖവും മൂല്യാധിഷ്ഠിതവുമായ പാഠ്യപദ്ധതി.

2. ബൗദ്ധിക തലത്തിലും പ്രിക്രിയാതലത്തിലും മനോഭാവതലത്തിലും മൂല്യങ്ങളുടെ തലത്തിലും പഠിതാവ് എത്തിച്ചേരേണ്ട പഠന നേട്ടങ്ങൾക്ക് ഊന്നൽ നൽകുന്നു.

3. വിനിമയ പ്രിക്രിയയിൽ വൈവിധ്യമാർന്നതും യുക്തവുമായ പഠന തന്ത്രങ്ങൾ സ്വീകരിക്കാനും ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം അധ്യാപകർക്കു നൽകുന്നു.

4. വിവര വിനിമയ സാങ്കേതിക വിദ്യ (ICT) ഒരു പ്രത്യേക പാഠ്യവിഷയം എന്നതിലുപരി പാഠ്യവിഷയങ്ങളുടെ ഒരു ഉപാധിയായി ഉപയോഗിക്കേണ്ടതാണ്.

ആർജ്ജിതമായ അറിവ്, കഴിവ്, താൽപര്യം എന്നിവ വ്യത്യസ്തമാണ്. ഈ വൈവിധ്യത്തെ ഉൾക്കൊണ്ട് വ്യക്തി വ്യത്യാസത്തെയും ബഹുമുഖ ബുദ്ധിയേയും പരിഗണിച്ചു കൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കുക എന്നതാണ് പ്രധാനം.

**പഠനാന്തരീക്ഷം**

പഠിതാവിന്റെ താൽപര്യവും വികാസവും പരിഗണിച്ചു കൊണ്ട് വൈവിധ്യമുള്ള പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയും വിധം ക്ലാസ്സ് മുറി ക്രമീകരിക്കണം. പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാവണം. അതിനു സഹായകമാവും വിധമുള്ള പഠനാന്തരീക്ഷമാവണം സജ്ജമാക്കേണ്ടത്.

**പഠന പ്രിക്രിയ**

1. ഓരോ പഠിതാവും അവരുടെ മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ജ്ഞാന നിർമ്മാണം (Knowledge Construction) നടത്തുന്നത്.

2. വ്യക്ത തലത്തിലും സാമൂഹിക തലത്തിലും ജ്ഞാന നിർമ്മാണം നടക്കുന്നുണ്ട്.

3. വിവിധ പഠനശൈലികൾ (Learning Styles), പഠനവേഗം (Learning Pace) എന്നിവ പരിഗണിച്ചു കൊണ്ട് വിവിധ ഇന്ദ്രിയാനുഭവങ്ങൾ (Muli sensory Experiences) നൽകുക വഴി ഫലപ്രദമാകുന്നു.

4. സഹകരണാത്മകവും സംവാദാത്മകവുമായ അന്തരീക്ഷത്തിൽ പഠനം കൂടുതൽ ഫലപ്രദമാകുന്നു.

5. പഠനാനുഭവങ്ങൾ ചാക്രികമായി (Spiralling) അവതരിപ്പിക്കുന്നതു വഴി പഠനം കൂടുതൽ ഫലപ്രദമാകുന്നു.

6. പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കീഴ്വഴക്കം (Flexibility) അനുരൂപീകരണ സാധ്യത (Adaptation) എന്നിവ ഉറപ്പാക്കുന്നതിലൂടെ വ്യത്യസ്ത പഠനാവശ്യമുള്ളവരേയും അഭിരുചിയുള്ളവരേയും പരിഗണിക്കാം.

7. മതിയായ പഠനാനുഭവങ്ങൾ ഓരോ പഠിതാവിനും ലഭിക്കുമ്പോൾ മാത്രമേ പഠന നേട്ടം (Learning Out come) ഉറപ്പാക്കാനാവൂ.

8. പഠനവും വിലയിരുത്തലും ഉദ്ഗ്രഥിതമായി നടക്കേണ്ടതാണ്.

9. ഓരോ കുട്ടിയുടേയും സമഗ്ര വികസനം ലക്ഷ്യം വച്ചായിരിക്കണം പഠന പ്രിക്രിയ നിശ്ചയിക്കേണ്ടത്

**പഠന നേട്ടങ്ങളുടെ സവിശേഷതകൾ**

വിഷയ ബന്ധിതമായ പഠനത്തിലൂടെ പഠിതാവ് ആർജ്ജിക്കേണ്ട അറിവ് (knowledge) ശേഷികൾ (Skills) മനോഭാവങ്ങൾ (Attitudes) മൂല്യങ്ങൾ എന്നിവ ഉൾക്കൊള്ളാവുന്നതും പഠന നേട്ടങ്ങൾ നിരീക്ഷിക്കാവുന്നതും അളക്കാൻ കഴിയുന്നതുമായിരിക്കണം. ഹ്രസ്വവും ദീർഘവുമായ കാലയളവിൽ നേടുന്ന പഠന നേട്ടങ്ങൾ ഉണ്ടായിരിക്കും.

**മൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രതിബദ്ധത എന്നിവ വളർത്തുന്നതിനുതകുന്ന മേഖലകൾ**

പഠിതാവിൽ മാനവിക മൂല്യങ്ങളെക്കുറിച്ചും ഭരണ ഘടനാ മൂല്യങ്ങളെക്കുറിച്ചും അവ ബോധം സൃഷ്ടിക്കുക. സാമൂഹിത ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക, സാമൂഹിക പ്രതിബദ്ധത വളർത്തുക തുടങ്ങിയവ പാഠ്യപദ്ധതിയുടെ പ്രഥമ പരിഗണനാ വിഷയങ്ങളാണ്.

> ജനാധിപത്യബോധം
> ഭരണ ഘടനാ മൂല്യങ്ങൾ
> മതേതരത്വ സ്വഭാവം
> സഹിഷ്ണുത
> ക്രിയാത്മക ചിന്ത
> സംസ്കൃതിയോടുള്ള ആദരവ്
> സമത്വം എന്ന ആശയം
> നേതൃ പാടവം
> ജീവിത നൈപുണീ വികാസം
> പൗര ധർമ്മം
> മനുഷ്യാവകാശങ്ങൾ തുടങ്ങിയവ ആശയമേഖലകൾ നിർദ്ദേശിക്കപ്പെടുന്നതാണ്.

**ഭാഷാ പഠന പ്രക്രിയ**

> കഥ പറയൽ, കാവ്യാലാപനം, അഭിനയം എന്നിവയ്ക്ക് അവസരമുള്ളത്
> ചർച്ചകൾ, സംവാദങ്ങൾ എന്നിവ നടക്കുന്നത്
> വിവര ശേഖരണത്തിനും, ആസ്വാദനത്തിനുമായി വായനയിൽ ഏർപ്പെടാൻ സൗകര്യമുള്ളത്.
> പദങ്ങളുടേയും പ്രയോഗങ്ങളുടേയും പൊരുൾ ഊഹിച്ച് കണ്ടെത്തുന്നതിനും നിഘണ്ടു നോക്കി അർത്ഥം ഉറപ്പു വരുത്താൻ കഴിയുന്നത്.
> ലഘു നാടകങ്ങൾ എഴുതുന്നതിനും അവതരിപ്പിക്കുന്നതിനും അവസരമുള്ളത്.
> വൈവിധ്യമാർന്ന രചനകൾ നടത്തുന്നതിനും എഡിറ്റ് ചെയ്ത് മാഗസിനുകൾ, ചുമർ പത്രികകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും കഴിയുന്നത്.
> പൊതു പ്രസക്തിയുള്ള കാര്യങ്ങളെക്കുറിച്ചും കലാ സാഹിത്യാദി വിഷയങ്ങളെക്കുറിച്ചുള്ള ഭാഷണങ്ങൾ കേട്ട് ആശയം ഗ്രഹിക്കുന്നതിന് അവസരമുള്ളത്

**എഡിറ്റിങ്ങ്**

കുട്ടികൾ തയ്യാറാക്കുന്ന ഭാഷാരൂപങ്ങൾ പലതരത്തിലുള്ള മെച്ചപ്പെടുത്തലുകൾക്ക് സാധ്യതയുള്ളതാണ്. ഇതിനെ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ കുട്ടികളുടെ രചനാ ശേഷി വികസിപ്പിക്കാൻ കഴിയുകയുള്ളൂ. എഡിറ്റിങ്ങ് നടത്തുമ്പോൾ ആശയതലം ആദ്യമായി ശ്രദ്ധിക്കേണ്ടതുണ്ട്. നിർദ്ദേശിക്കപ്പെട്ട ആശയങ്ങളാണോ നിശ്ചിത വ്യവഹാരരൂപത്തിൽ ഉൾച്ചേർന്നത് എന്ന് പരിശോധിക്കാം.

ആശയതലത്തിനു ശേഷം ഭാഷാതലം അതിൽ വാക്യഘടന, പദഘടന, അക്ഷരം ശേഷം ചിഹ്നം എന്നിങ്ങനെയായിരിക്കണം എഡിറ്റിങ്ങ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത്. ശേഷം കുട്ടികൾ എഴുതുന്ന ലേഖനത്തിന്റെ വിന്യാസം ശ്രദ്ധയിൽ കൊണ്ടുവരാം.

**അടിസ്ഥാന നൈപുണികൾ (LSRW)**

ഭാഷ എന്നത് ബൗദ്ധികവും സാമൂഹികവും മനശാസ്ത്രപരവുമായ പല ശേഷികളുടേയും ധാരണകളുടേയും സങ്കലനമാണ്. എന്നാൽ ഭാഷാ ബോധനത്തിൽ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ നാല് അടിസ്ഥാന ശേഷികൾ വേർതിരിക്കാറുണ്ട്. ഓരോ ശേഷിയും മറ്റുള്ളവയുമായി കലർന്ന് നിൽക്കുന്നു. ഭാഷണം ശ്രവിക്കുമ്പോൾ തന്നെ താൻ പറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് പഠിതാവ് ചിന്തിക്കുകയായിരിക്കും. വായിച്ച കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് കൊണ്ടായിരിക്കാം എഴുതുന്നത്. ഇത്തരത്തിൽ നൈപുണികൾ എല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഭാഷയുടെ ഉപയോഗം പോലെ തന്നെ ബോധനവും പഠനവും ഭാഷയെ സമഗ്ര രൂപത്തിൽ പ്രയോഗിച്ചു കൊണ്ടായിരിക്കണം ഏറെയും നടക്കേണ്ടത്.

ആദ്യമായി വിദ്യാലയത്തിലെത്തുന്ന കുട്ടികളിൽ സ്വാഭാവികമായി വികസിച്ചിട്ടുള്ളതും അവർ നിത്യ ജീവിതത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ളതുമായ നൈപുണികളാണ് ശ്രവണവും ഭാഷണവും. വായന, ലേഖനം എന്നിവയെ അപേക്ഷിച്ച് ഈ നൈപുണികളുടെ കാര്യത്തിൽ അധ്യാപകർക്കുള്ള ദൗത്യം വ്യത്യസ്തമാണ്. പഠിതാവിന് പരിചിതമായതും സ്വാഭാവികവുമായ സന്ദർഭങ്ങളിൽ നിന്നു മാറി ഔപചാരിക സന്ദർഭങ്ങളിലും നിശ്ചിത ലക്ഷ്യങ്ങളോടു കൂടിയും ഈ നൈപുണികൾ ഉപയോഗിക്കുകയും ഈ ദിശയിൽ അവ വളർത്തിയെടുക്കുകയാണ് ശ്രവണ ഭാഷണ ബോധനത്തിന്റെ ലക്ഷ്യം.

**ശ്രവണിയുടെ പ്രാഥമിക തലം**

കേൾവിയിൽ നിന്നാണ് കുട്ടിക്ക് വായിക്കാനുള്ള താൽപര്യം ജനിക്കുന്നത്. കുട്ടി കേൾക്കാനിഷ്ടപ്പെടുന്ന കഥകൾ, കവിതകൾ തുടങ്ങിയ ധാരാളമായി കേൾക്കാനുള്ള അവസരം ക്ലാസ് മുറികളിൽ ഒരുക്കണം.

പ്രാഥമിക ഘട്ടം തീരുമ്പോൾ കുട്ടിക്ക് സ്വതന്ത്രവായനക്കവസരം കിട്ടണം. ബാല മാസികകൾ, ചിത്ര കഥകൾ സ്വതന്ത്രമായി വായിച്ച് ആസ്വദിക്കാൻ കഴിയണം.

**വായനാ നൈപുണി**

വായന ആസ്വാദനത്തിനും വായന വിജ്ഞാനത്തിനും വേണ്ടിയുള്ളതാകുന്നു. പ്രാഥമിക തലത്തിൽ ഭാഷയുടെ ലിഖിത രൂപം പരിചയപ്പെടുന്നു. ഭാഷയിലെ ലിഖിത ചിഹ്ന

ങ്ങളും ശബ്ദങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയുക. അക്ഷരങ്ങൾ ഒന്നു ചേർന്ന് വായിക്കാൻ കഴിയുക എന്നിവയാണ്.

**വായനാ സാമഗ്രികൾ**

പഠിതാവിന് ലഭ്യമാകുന്ന വായനാ സാമഗ്രികൾ വൈവിധ്യം പുലർത്തുന്നവയായിരിക്കണം. കഥകൾ, വൈജ്ഞാനിക ലേഖനങ്ങൾ എന്നിവയിലേക്ക് ഒതുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം.

കവിത, പദ്യം, കത്തുകൾ, കുറിപ്പുകൾ, പത്രികകൾ, ലേഖനങ്ങൾ, റിപ്പോർട്ടുകൾ യാത്രാപത്രികകൾ തുടങ്ങിയ വായനയുടെ പല തരങ്ങളിലേക്കും കുട്ടിയുടെ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

**വായനയുടെ ബോധന ശാസ്ത്രം**

വായനാബോധനം വിജയകരമാക്കണമെങ്കിൽ വായനയിലേക്കു നയിക്കുന്ന അന്തരീക്ഷവും ഉത്തേജനം നൽകുന്ന അദ്ധ്യാപകരും ആയിരിക്കണം. വായനയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും അനുയോജ്യമായ ബോധന രീതികൾ അനുവർത്തിക്കാനും അധ്യാപകർക്കു കഴിയണം.

**വായനയെ മറ്റു ശേഷികളുമായി ബന്ധിപ്പിക്കൽ**

> ഭാഷണത്തെയും വായനയെയും ബന്ധിപ്പിക്കാൻ വായിച്ച ലേഖനത്തെയോ കഥയെയോ കുറിച്ച് സംസാരിക്കുക.

> മറ്റുള്ളവർക്ക് വേണ്ടി വിശദീകരിച്ചു നൽകുക.

> വായിച്ചറിഞ്ഞ കാര്യങ്ങളെ ആസ്പദമാക്കി ലഘു പ്രഭാഷണം നടത്തുക.

> വായനയെയും എഴുത്തിനെയും ബന്ധിപ്പിക്കൽ വായിച്ച കാര്യങ്ങൾ കുറിപ്പായി എഴുതുക.

വായിച്ച വിഷയത്തെക്കുറിച്ച് മുഖ്യാശയങ്ങൾ പട്ടികപ്പെടുത്തുക.

ഉപന്യാസം രചിക്കുക

കഥയെ കവിതയാക്കി പുനരാവിഷ്കരിക്കുക

മുന്നറിവുകളുമായി ബന്ധിപ്പിച്ച് വായനയെ ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും കഴിയുക

ഇത്തരെ ശേഷികൾ ഒന്നു ചേരുമ്പോഴാണ് വായന ഫലവത്തായിത്തീരുന്നത്.

**വായനയുടെ അടിസ്ഥാന തലം**

> പ്രതികരണങ്ങളിലൂടെ ആശയ വിനിമയത്തിന്റെ പ്രാരംഭം

> പരിചിതമായ വസ്തുക്കൾക്കും ആശയങ്ങൾക്കും പ്രതീകങ്ങൾ നൽകുന്നതിനുള്ള ആഹ്ലാദം

> പുസ്തകങ്ങളുടെ ലോകത്തേക്കുള്ള ചുവടു വയ്പ്

**ഉയർന്ന തലം**

> ലിഖിത ഭാഷയുടെ ചിട്ടകളും രീതികളുമായി ഇടപഴകൽ
> ആശയങ്ങളുടേയും വിവരങ്ങളുടേയും ലോകത്തേക്കുള്ള പ്രവേശനം
> സാഹിത്യവുമായി പരിചയപ്പെടൽ
> മറ്റുള്ളവരുടെ അനുഭവങ്ങളും ചിന്തകളും പരിചയപ്പെടൽ
> വായനയുടെ ആസ്വാദന തലം, സൗന്ദര്യ തലം, വൈയക്തിക തലം

**ലേഖന നൈപുണി**

ശബ്ദത്തെ അനുയോജ്യമായ രൂപവുമായി ബന്ധപ്പെടുത്തുക. ആ രൂപം കടലാസിലോ സ്ലേറ്റിലോ സൃഷ്ടിക്കുക. ആദ്യമായി എഴുതിത്തുടങ്ങുന്ന പഠിതാവ് പരിചയപ്പെട്ട വാക്കുകളും  മറ്റും പ്രത്യേക ഘടകങ്ങളായിട്ടാണ് കാണുന്നത്.

വാക്കിന്റെ കീഴ്ഘടകമായ അക്ഷരം എന്നത് അവരെ സംബന്ധിച്ചിടത്തോളം കൃത്രിമമയൊരു സങ്കൽപ്പമാണ്. ശബ്ദങ്ങളെയും അക്ഷരങ്ങളെയും ബന്ധിപ്പിക്കുമ്പോൾ പ്രത്യേകിച്ച് അർത്ഥമോ സന്ദർഭമോ ഇല്ലാത്ത പ്രവർത്തനത്തിലേക്കാണ് അവരുടെ ശ്രദ്ധ തിരിയുന്നത്, മറിച്ച് പരിചിത വസ്തുക്കളുടെ ലഘു ചിത്രങ്ങൾ വരച്ച് കൈ വഴങ്ങിയ ശേഷമേ രചനാഭ്യാസങ്ങൾ കുട്ടികൾക്ക് നൽകാവൂ. പരമ്പരാഗതമായ പൂഴിമണലിൽ എഴുതി തുടങ്ങുന്ന രീതിയാണ് ഉത്തമം. ലേഖനത്തിന്റെ ഉയർന്ന തലത്തിലെത്തുന്ന കുട്ടി താൻ കൂടുതൽ അറിഞ്ഞതും വായിച്ചതുമായ കാര്യങ്ങൾ സ്വതന്ത്രമായും അധ്യാപകന്റെ സഹായത്തോടെയും എഴുതിത്തുടങ്ങുന്നു. ഭാഷണത്തിലെന്ന പോലെ തന്റെ ആശയങ്ങളെ കഥയായും കവിതയായും ലേഖനമായും  കത്തായും ചർച്ചാ കുറിപ്പായും പത്ര റിപ്പോർട്ടുകളായും  പല പല വ്യവഹാര രൂപങ്ങളുടെ പ്രതിഫലനമായി ലേഖനം മാറി മാറി വരുന്നു. ലളിതമായതിൽ നിന്ന് സങ്കീർണ്ണതയിലേക്കുള്ള ചുവടു മാറ്റമാണ് ലേഖനത്തിനുള്ളത്.

അടിസ്ഥാന നൈപുണികളുടെ വികാസം ഒന്നു രണ്ടു ക്ലാസ്സുകളിൽ തന്നെ പ്രകടമാണ് . ഉദാഹരണത്തിന് 'മഴ' എന്നാശയം എടുക്കുകയാണെങ്കിൽ

ഒന്നാം ക്ലാസ്സിൽ കുട്ടികൾക്ക് മഴപ്പാട്ടുകൾ, മഴമേളം, മഴ വരയ്ക്കാം എന്നീ പ്രവർത്തനങ്ങൾ കൊടുക്കാം. 'മ' 'ഴ' എന്നീ അക്ഷരങ്ങൾക്ക് പകരം 'മഴ' എന്ന പദം കുട്ടികൾ അറിയാതെ പല തരങ്ങളിലായി  അവർക്ക് പരിചയപ്പെടാൻ സാധിക്കുന്നു. മഴ വരച്ചും മഴ എഴുതിയും അവർ അിറയാതെ 'മഴ' എഴുതാൻ പഠിക്കുന്നു. രണ്ടാം ക്ലാസ്സിൽ അവരോടു മഴയനുഭവം പറയാനും മഴ പെയ്യുന്നതെവിടെയെല്ലാം എന്ന് വരയ്ക്കാനും പറയാം.

മല, വീട്, പുഴ, പൂവ്, കാട്, പദങ്ങളെ വേഗത്തിൽ എഴുതാനും വായിക്കാനും അതുപയോഗിച്ച്  ചെറിയ ചെറിയ വാക്യങ്ങൾ എഴുതാനും,ലഘുസംഭാഷണങ്ങൾ  എഴുതാനും സാധിക്കുന്നു. മൂന്നാം ക്ലാസ്സിൽ ഭാഷാപഠനത്തിൽ ഉദാഹരണമായി' മാതൃത്വം' എന്ന പാഠഭാഗം എടുത്താൽ അമ്മയോടൊപ്പം എന്ന പാഠഭാഗത്ത് മദർ തെരേസയുടെ കഥ പരിചയപ്പെടുന്നു. മാതൃത്വം വെളിവാക്കുന്ന മാതൃസ്നേഹം പ്രകടമാക്കുന്ന കവിതകൾ കഥകൾ കുട്ടികൾക്ക് ലഭിച്ച ആശയങ്ങളെ  കവിതാ രൂപത്തിലെഴുതാനും  ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനും വീണ്ടും വീണ്ടും വായിക്കാനും ഇഷ്ടപ്പെട്ട വരികൾ കണ്ടെത്താനും പദ ശേഖരണത്തിൽ ഉൾപ്പെടുത്താനും അവസരം ലഭിക്കുന്നു. കവിതയ്ക്ക് ഈണം കണ്ടെത്തുന്നു. കവിതയുടെ സാരാംശം ഒരു  കഥാ രൂപത്തിലേക്ക് മാറ്റി എഴുതുന്നു. അധ്വാനം, സ്നേഹം,

പ്രകൃതി വിഭവങ്ങൾ തുടങ്ങിയ മേഖലകളെ കേവല മാത്രയിൽ പരിചയപ്പെട്ടു തുടങ്ങുന്നു ഇവിടെ.

നാലാം ക്ലാസ്സിൽ അമൃതം, ഹരിതം, മഹിതം രസിതം, മധുരം തുടങ്ങിയ പേരുകളിലാണ് പാഠഭാഗം തയ്യാറാക്കിയിട്ടുള്ളത്. ഊണം കണ്ടെത്താനും വ്യത്യാസം കണ്ടെത്താനും പ്രയോഗ ഭംഗി കണ്ടെത്താനും കടങ്കഥകൾ പരിചയപ്പെടാനും പാചകക്കുറിപ്പ് തയ്യാറാക്കാനും ഇങ്ങനെ രസകരമായ പഠന പ്രവർത്തനങ്ങളിലൂടെ സഞ്ചരിക്കാൻ പഠിതാവിന് സാധിക്കുന്നു. അധ്വാനത്തിന്റെ മഹത്വം, സ്നേഹത്തിന്റെ ശക്തി, പ്രകൃതിയോടുള്ള സ്നേഹം, ഭക്ഷണവും ആരോഗ്യവും തുടങ്ങിയ തലങ്ങളിലൂടെയാണ് കുട്ടികൾക്ക് ഭാഷാനുഭവം ഒരുക്കുന്നത്.

അഞ്ചാം ക്ലാസ്സിൽ തേനൂറും മലയാളം, പാത്തുമ്മയുടെ ആട് തുടങ്ങിയ പ്രശസ്തമായ രചനകളും കുറച്ചു കൂടി സങ്കീർണ്ണങ്ങളായ കഥാഭാഗങ്ങളും കുട്ടികൾ പരിചയപ്പെടുന്നു. പുസ്തക ചർച്ച നടത്താനും മഹാന്മാരുടെ ജീവിതചരിത്രക്കുറിപ്പ് തയ്യാറാക്കാനും കഥാപാത്ര സവിശേഷത സ്വന്തം ഭാഷയിൽ പ്രകടിപ്പിക്കുവാനും കഥാപാത്ര നിരൂപണം നടത്താനും കുട്ടികൾക്ക് സാധിക്കുന്നു.

ആറ്, ഏഴ് ക്ലാസ്സുകളിൽ സഹോദര സ്നേഹം സമകാലികങ്ങളായ ചെറുകഥകൾ എന്നിവ പരിചയപ്പെടുന്നതോടൊപ്പം സുകുമാർ അഴീക്കോട്, മാർട്ടിൻ ലൂഥർ കിങ് എന്നീ മഹാൻമാരുടെ പ്രസംഗം പരിചയപ്പെടാനും ക്ലാസ്സിൽ ചർച്ച നടത്താനും സാധിക്കുന്നു. ഉപന്യാസ രചന, പ്രഭാഷണം എന്നീ വ്യവഹാര രൂപങ്ങളിലേക്ക് കടക്കാൻ കുട്ടികൾക്ക് സാധിക്കുന്നു. വിവിധ സാഹിത്യ രൂപങ്ങളുടെ സ്വഭാവം, ഘടന, സവിശേഷത പരിചയപ്പെടുന്നതിനോടൊപ്പം വ്യക്തിയുടേയും സമൂഹത്തിന്റെയും ഉന്നമനത്തിനായി ഭാഷയും സാഹിത്യവും എത്രമാത്രം സഹായിക്കുന്നു എന്ന് തിരിച്ചറിയുന്നു. ബെഞ്ചമിൻ എസ്. ജൂമിന്റെ ടാക്സോണമിയിൽ പഠനപ്രവർത്തനങ്ങളുടെ മൂന്ന് മേഖലകൾ കണ്ടെത്തി.

ബുദ്ധിപരം (Cognitive)

വികാരപരം (Affective)

മന:ശാരീരിക പരം (Pschomotor)

നൈപുണികളെ

1. അറിവ് - വിവരിക്കുക, പേര് നൽകുക, പറയുക

2. ഗ്രഹണം - വ്യാഖ്യാനിക്കു, ചർച്ചചെയ്യുക

3. പ്രയോഗം - പ്രയോഗിക്കുക, ഉദാഹരിക്കുക

4. വിശ്ലേഷണം - വിശദീകരിക്കുക, താരതമ്യം ചെയ്യുക, വിശകലനം ചെയ്യുക, ബന്ധപ്പെടുത്തുക.

5. സംശ്ലേഷണം - ഉദ്ഗ്രഥിക്കുക, സൃഷ്ടിക്കുക, പുന: ലേഖനം ചെയ്യുക, രചിക്കുക, തയ്യാറാക്കുക

6. വിലയിരുത്തൽ - സംഗ്രഹിക്കുക, ഉപസംഹരിക്കുക, വിലയിരുത്തുക

ഭാഷാപഠനത്തിലും കുട്ടി ഈ നൈപുണികളുടേയും ശേഷികളുടേയും അടിസ്ഥാനത്തിലാണ് ഭാഷാവികാസം നടക്കുന്നത്.

ഉദാഹരണമായി കവിതാപഠന ക്ലാസ്സിൽ കുട്ടികൾക്ക് കവിത വായിച്ച് സ്വതന്ത്രമായി അവരുടെ ആശയപ്രകടനം നടത്തി ആശയം വിവരിക്കാൻ സാധിക്കുമ്പോൾ അറിവ് എന്ന നൈ

പുണ്യവികാസം പ്രകടിപ്പിക്കുന്നു.

കവിതയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നതിലൂടെ താരതമ്യം ചെയ്യുന്നതിലൂടെ അവിടെ ഗ്രഹണം സ്വായത്തമാകുന്നു. കവിതയുടെ ആശയം ഉൾക്കൊണ്ട് അതേ ആശയം ഉൾക്കൊള്ളുന്ന മറ്റു കവിതകളുമായി ബന്ധിപ്പിക്കുമ്പോൾ അവിടെ പ്രയോഗം സ്വായത്തമാകുന്നു. ചർച്ചക്കു ശേഷം വിശകലനം ചെയ്ത് മറ്റൊരു മാതൃക കണ്ടെത്തി വിശദീകരിക്കുമ്പോൾ അവിടെ വിശ്ലേഷണം നടക്കുന്നു. കവിത പുന:സൃഷ്ടിക്കുകയോ, രചിക്കുകയോ ചെയ്യുമ്പോൾ സംശ്ലേഷണവും പഠിതാവ് രചിച്ച വ്യവഹാര രൂപങ്ങൾ വിലയിരുത്താനും വിവേചിച്ചറിയാനും അളക്കാനും സാധിക്കുന്നതിലൂടെ നൈപുണി വികാസം പൂർണ്ണമാകുന്നു.

**ബുദ്ധിയുടെ ബഹുമുഖങ്ങൾ**

നമ്മുടെ വിദ്യാഭ്യാസം സമ്പൂർണ്ണബുദ്ധി വികസനമാണ് ലക്ഷ്യമിടുന്നത്. ഭാഷാ പഠനത്തിലും ഓരോ ഉള്ളടക്കമേഖലയിലും എല്ലാത്തരം ബുദ്ധികളേയും പരിഗണിക്കുന്ന തരത്തിലാവണം പഠനപ്രവർത്തനങ്ങൾ രൂപകല്പ്പന ചെയ്യേണ്ടത്. ഉദാഹരണമായി 'പ്രകൃതി' എന്ന വിഷയം എടുത്താൽ.

**ബഹുമുഖ സിദ്ധി വികാസത്തിന്റെ ഭാഷാപഠനത്തിൽ**

1. യുക്തിപരമായ ബുദ്ധി

കാര്യകാരണസഹിതം സ്ഥാപിക്കാനുള്ള കഴിവ്, പരസ്പര ബന്ധം കണ്ടെത്താനുള്ള കഴിവ്, പ്രകൃതിയെ വ്യാഖ്യാനിക്കാനുള്ള കഴിവ് എന്നിവ പരിശോധിക്കാം.

2. ദൃശ്യസ്ഥല - പരബുദ്ധി

പഠന സന്ദർഭങ്ങൾ ചിത്രീകരിക്കുന്നതിലൂടെ, പ്രകൃതിയെ ചിത്രീകരിക്കുന്നതിലൂടെ ഈ ബുദ്ധി വിലയിരുത്താം.

3. ശാരീരിക ചലന - പരബുദ്ധി

കഥകളെ നാടകീകരിക്കൽ, റോൾ പ്ലേ, ആംഗ്യപാട്ട്

4. വ്യക്തിയാന്തര ബുദ്ധി

സംവാദം, അഭിമുഖം, പഠനയാത്ര, ഗ്രൂപ്പ് പ്രവർത്തനങ്ങൾ

5. ആന്തരിക വൈയക്തിക ബുദ്ധി

ഡയറി എഴുത്ത, സർഗാത്മക രച, വ്യക്തിഗത പ്രവർത്തനങ്ങൾ, അനുഭവക്കുറുപ്പ്

6. പ്രകൃതിപരമായ ബുദ്ധി

പ്രാകൃത വർണ്ണന, കവിതാരചന, പ്രകൃതിയാത്രോ

7. ഭാഷാപരമായ ബുദ്ധി

വിവരണം തയ്യാറാക്കുക, പ്രകൃതിയുമായി ബന്ധപ്പെട്ട ചർച്ചകൾ ലേഖനം തയ്യാറാക്കൽ.

8. സംഗീതപരമായ ബുദ്ധി

കവിതാസ്വാദനം, ഈണം കണ്ടെത്തൽ. ലോകവുമായി പലവിധത്തിലുള്ള ബുദ്ധി വിശേഷത്തെ പ്രയോജനപ്പെടുത്തൽ ഇത്തരം പഠന സമീപത്തിലൂടെ സാധിക്കും.

**നാളത്തെ പൗരന്മാരൻ**

ഭാവി സമൂഹത്തെ കുറിച്ചുള്ള കാഴ്ച്ചപ്പാട് വികസിപ്പിച്ചുകൊണ്ടേ, വിദ്യാഭ്യാസ രംഗത്ത് കാതലായ പരിവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിയൂ. മാനവികതയിൽ അധിഷ്ടിതമായ ഒരു സമൂഹമാണ് നാം പ്രതീക്ഷിക്കുന്നത്.

സുസ്ഥിര വികസനത്തിൽ അധിഷ്ടിതമായ സമൂഹക്രമത്തിനു വേണ്ടി പ്രവർത്തിക്കുന്നതും എല്ലാ കാര്യത്തിലും ശാസ്ത്രീയ സമീപനം, പരിസ്ഥിത ബോധം, ദേശീയ ബോധം, സ്വാശ്രയത്വം, മാനുഷിക മൂല്യം എന്നിവ വച്ചുപുലർത്തുന്നതും, സാമൂഹിക നീതി, പൊതുക്ഷേമം, ജനാധിപത്യബോധം എന്നിവക്ക് പ്രഥമ പരിഗണന നൽകുന്നവരുമായിരിക്കും നമ്മുടെ കുട്ടികൾ. അറിവ് പൊതുസമ്പത്താണ് എന്ന അടിയുറച്ചു വിശ്വസിക്കുകയും അതു കൊണ്ടു തന്നെ വിമർശനത്തിന്റേയും സ്വയം വിമർശനത്തിന്റേയും വെളിച്ചത്തിൽ ചിന്തയിലും പ്രവൃത്തിയിലും തുടർച്ചയായ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നതുമായ സമൂഹമായിരിക്കണം നമ്മുടെ മുമ്പിൽ നാം കാണേണ്ടത്.

Peace® —SCHOOLS—

Peace® SCHOOLS